# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *81 — 30.11.2018 ലെ മറുപടി

## നദികളിൽ അടിഞ്ഞുകൂടിയ മണ്ണും മാലിന്യങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ്<br>,, വി.ടി.ബൽറാം : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പ്രളയം കാരണം മണ്ണും മാലിന്യങ്ങളും അടിഞ്ഞുകൂടി സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട നദികളിൽ നിന്നും ഇവ നീക്കം ചെയ്ത് സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) സംസ്ഥാനത്ത് പ്രളയം മൂലമുണ്ടായ നാശനഷ്ടങ്ങൾ നേരിടുന്നതിനായുള്ള പ്രവൃത്തികൾക്കായി ഏകദേശം 1068 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പ്രളയം കാരണം മണ്ണും മാലിന്യങ്ങളും അടിഞ്ഞുകൂടിയ പുഴകളുടെയും തോടുകളുടെയും ഒഴുക്ക് പുന:സ്ഥാപിക്കുന്ന പ്രവൃത്തികളും ഉൾപ്പെട്ടിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അവ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.<br><br>പ്രളയവുമായി ബന്ധപ്പെട്ട് എം.ജി.എൻ.ആർ.ഇ.എസ്-ന്റെ കീഴിൽ 150 തൊഴിൽ ദിനങ്ങൾ അധികമായി അനുവദിച്ച സാഹചര്യത്തിൽ തദ്ദേശ സ്വയം ഭരണവകുപ്പുമായി യോജിച്ച് ഡീസിൽറ്റിംഗ് ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പ്രളയത്തെത്തുടർന്ന് ചെക്ക് ഡാമുകൾ റഗുലേറ്ററുകൾ, ലിഫ്റ്റ് ഇറിഗേഷൻ സ്ട്രക്ച്ചറുകൾ എന്നിവിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും മാലിന്യങ്ങളും അടിയന്തിരമായി നീക്കം ചെയ്യുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

(ബി) ഇങ്ങനെ അടിഞ്ഞുകൂടിയ മണൽ ശേഖരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(ബി) നിലവിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് പരിശോധിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**